## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 16-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 4082

# ബേപ്പൂർ തുറമുഖത്തിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) തുറമുഖത്ത് കപ്പലുകളും മറ്റ് വെസ്സലുകളും വരുന്നതിനായി ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി കണ്ടെയ്നർ ഷിപ്പ് തുറമുഖത്ത് വന്ന് തുടങ്ങിയിട്ടുണ്ട്. കടൽ വഴിയുള്ള ടൂറിസത്തിനായി ബേപ്പൂർ മുതൽ കൊച്ചിവരെ ആഡംബര ക്രൂയിസുകളുടെ ഗതാഗതത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്തെ വെസ്സലുകൾ മോണിറ്റർ ചെയ്യുന്നതിന് വി.ടി.എം.എസ് സംവിധാനം പ്രവർത്തന സജ്ജമാക്കി വരുന്നു. സെക്യൂരിറ്റി വാച്ച് ടവറിന്റെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. തുറമുഖ ഗേറ്റ് ഹൗസ് നിർമ്മാണ പ്രവൃത്തി, തുറമുഖത്തെ ഓപ്പൺ ഗോഡൗണിന്റെ നിർമ്മാണ പ്രവൃത്തി, ട്രാൻസിറ്റ് ഷെഡിന്റെ അറ്റകുറ്റപ്പണി, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തി, പോർട്ടോഫീസ് കോഴിക്കോടിന്റെ നവീകരണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) തുറമുഖത്തിന്റെ വികസനത്തിനായി ബേപ്പൂർ കോവിലകത്തിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇത് ഉടൻ പൂർത്തീകരിക്കുമോ ; വിശദമാക്കാമോ ? | (ബി) കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ